# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2280
## 14-06-2019 - ലെ മറുപടിക്ക്

**ബാലുശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ്**

| ചോദ്യം<br>**ശ്രീ. പുരുഷൻ കടലുണ്ടി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| --- | --- |
| എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് എത്രയുണ്ടെന്ന് അറിയിക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) എത് വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് ആണ് പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ സാധിക്കുക; ഇക്കാര്യം സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | 04/08/2018 ലെ സ.ഉ(പി) നം. 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്. |
| സി) ആസ്തി വികസന പദ്ധതിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കുമ്പോൾ മിനിമം പത്തുലക്ഷം മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിബന്ധന ഉണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | 04/08/2018 ലെ സ.ഉ(പി) നം. 119/2018/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായാണ് ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് |

**സെക്ഷൻ ഓഫീസർ**